"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിലെ മുൻ യു.ഡി.ക്ലാർക്കായ ചന്ദ്രമോഹനന്റെ 08.05.2000 മുതൽ 10.06.2001 വരെയുള്ള സസ്പെൻഷൻ കാലയളവ് ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതിപ്പെടുത്തി മറ്റെല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.2329/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/12/2020

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 29.06.2011 ലെ ഡി7-14200/20000 18.03.2013 ലെ ഡി6-14200/20000, 15.08.2020 ലെ 15814/2019/ഇ6 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിൽ യു.ഡി.ക്ലാർക്കായി ജോലി നോക്കിവരവെ ധനാപഹരണം, ഔദ്യോഗിക രേഖകളിൽ കൃത്രിമം കാണിക്കൽ , ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യൽ എന്നിവ ആരോപിച്ച് സി.ജി. ചന്ദ്രമോഹനനെ (late) സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പണാപഹരണം നടത്തിയ 99341/- രൂപ ടിയാളിൽ നിന്ന് തിരികെ പിടിക്കുന്നതിനും ടിയാന്റെ സസ്പെൻഷൻ കാലം ക്രമവൽക്കരിക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ചന്ദ്രമോഹനൻ മുഖാന്തിരം കൊട്ടാരക്കര പഞ്ചായത്തിനുണ്ടായ നഷ്ടം 99341/ രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് സമ്മതമാണെന്ന് സ്വയം സമ്മതിക്കുകയും ടിയാനെതിരെ പുറപ്പെടുവിച്ച സർചാർജ്ജ് നോട്ടീസിലെ തുകയായ 99341/- രൂപ ഗ്രാമ പഞ്ചായത്തിലെ ബാദ്ധ്യതയായി നിലനിർത്തി ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും കിഴിവ് ചെയ്ത് കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിൽ ഒടുക്കുന്നതിനും ശേഷിക്കുന്ന തുക ബാദ്ധ്യതാ രഹിത സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ചന്ദ്രമോഹനന് വിതരണം ചെയ്യുന്നതിന് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് വിതരണം ചെയ്യുന്ന അതോറിറ്റിയായ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ച വരവെ ചന്ദ്രമോഹനൻ 30.10.2011 ൽ അന്തരിച്ചു. ചന്ദ്രമോഹനനെതിരെ അച്ചടക്കനടപടി നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ ടിയാന്റെ പെൻഷൻ പ്രൊവിഷണലായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്നും ടിയാന്റെ ഡി.സി.ആർ.ജിയും അന്തിമ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച നൽകുന്ന മുറയ്ക്ക് പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഡി.സി.ആർജിയിൽ നിന്നും പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കുന്നതിന് സമ്മതമാണെന്ന് ടിയാൻ സമ്മത പത്രം സമർപ്പിക്കുകയുണ്ടായി.

3 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചന്ദ്രമോഹൻ അന്തരിച്ച സ്ഥിതിയ്ക്ക് ടിയാനെതിരെ അച്ചടക്കനടപടി തുടരുന്നതിൽ പ്രസക്തി ഇല്ല എന്നതിനാൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിലെ മുൻ യു.ഡി.ക്ലാർക്കായ മരണപ്പെട്ട ചന്ദ്രമോഹനന്റെ 08.05.2000 മുതൽ 10.06.2001 വരെയുള്ള സസ്പെൻഷൻ കാലം ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതിപ്പെടുത്തി മറ്റെല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും 11.06.2001 മുതൽ ജോലിയിൽ തിരികെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ 21.06.2001 ൽ തിരികെ പ്രവേശിച്ചതുവരെ കെ.എസ്.ആർ ഭാഗം 1 ചട്ടം 56 B (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം അർഹതപ്പെട്ട അവധിയായോ പ്രവേശനകാലമായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമീകരിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം),

മുനിസിപ്പൽ സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പാലിറ്റി, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ് 04.06.2016 ലെ ഡെവ1/64/15/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 10/ഇപിഎ1/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Damyakl

സെക്ഷൻ ഓഫീസർ